No.CEE/2242/2017/NPMDC-2017/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695001

# പത്രക്കുറിപ്പ്

# ബി.എസ്.സി.നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2017

## അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിച്ചു

2017-18 അദ്ധ്യയന വർഷം കേരളത്തിലെ **ബി.എസ്.സി നഴ്സിംഗ്** കോഴ്സിലേയ്ക്കും, **ബി.എസ്.സി. (എം.എൽ.ടി), ബി.എസ്.സി.പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്ടോമെട്രി, ബി.പി.ടി., ബി.സി.വി.റ്റി, ബി.എ.എസ്.എൽ.പി, ബി.എസ്.സി എം.ആർ.റ്റി, ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി, ബി.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി** എന്നീ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുമുള്ള പ്രവേശനത്തിനായി സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള അപേക്ഷകർ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **2017 ജൂലൈ 19–ാം തീയതി വൈകുന്നേരം 5 മണി** വരെയായി ദീർഘിപ്പിച്ചു. ഓൺലൈൻ അപേക്ഷ സമർപ്പിച്ച ശേഷം അതിന്റെ പ്രിന്റൗട്ടും പ്രോസ്പെക്ടസ് ക്ലോസ് 7.7 പ്രകാരമുള്ള അനുബന്ധ രേഖകളും **2017 ജൂലൈ 20–ന് വൈകുന്നേരം 5 മണിയ്ക്കകം** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. സർവ്വീസ് വിഭാഗക്കാർ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയച്ച ശേഷം അതിന്റെ ഒരു പകർപ്പ് ഓഫീസ് മേലധികാരി വഴി ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് നിശ്ചിത സമയത്തിനകം സമർപ്പിക്കേണ്ടതാണ്.

KEAM 2017-ലൂടെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/അനുബന്ധ കോഴ്സുകൾ എന്നിവയിൽ ഏതെങ്കിലും കോഴ്സിലേയ്ക്ക് പ്രവേശനത്തിനായി ഇതിനോടകം അപേക്ഷിക്കുകയും, നേറ്റിവിറ്റി തെളിയിക്കുന്നതിനോ, സാമുദായിക/പ്രത്യേക/ ശാരീരിക അവശത വിഭാഗ സംവരണത്തിനോ മറ്റാനുകൂല്യങ്ങൾക്കായോ അനുബന്ധ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ള അപേക്ഷകർ നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾക്കുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ അവരുടെ വെബ്പേജിൽ KEAM 2017 അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. അത്തരം അപേക്ഷകർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം നേറ്റിവിറ്റി തെളിയിക്കുന്നതിനോ, സംവരണത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായോ അനുബന്ധ രേഖകൾ വീണ്ടും അയയ്ക്കേണ്ടതില്ല. എന്നാൽ ഇത്തരം അപേക്ഷകർ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിർബന്ധമായും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

KEAM 2017-ലൂടെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/അനുബന്ധ കോഴ്സുകൾ എന്നിവയിൽ ഏതെങ്കിലും കോഴ്സിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചിട്ടില്ലാത്തവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് 7.7 പ്രകാരമുള്ള അനുബന്ധ രേഖകളും നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

അപേക്ഷാ സമർപ്പണത്തിന് മുൻപ് അപേക്ഷകർ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പ്രോസ്പെക്ടസും വിശദമായ വിജ്ഞാപനങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
17.07.2017

**പ്രവേശന പരീക്ഷാകമ്മീഷണർ**